(ഡി&എഫ്) കരാറുകാരുടെ കുടിശ്ശിക എത്രയും വേഗം കൊടുത്തു തീർക്കാൻ നടപടി സ്വീകരിച്ചു വരുന്നു. 1999-2000-മാണ്ടത്തെ ബജറ്റിലും ഉപ ധനാഭ്യർത്ഥനയിലും മരാമത്ത് പണികൾക്ക് ഉൾപ്പെടുത്തിയ തുകകളിൽ കരാ റുകാരുടെ കുടിശ്ശിക തീർക്കുന്നതിനു വേണ്ടിയാണ് മുൻഗണന നൽകിയിട്ടു ള്ളത്.

(ഇ) ഇപ്പോൾ നിലവിലുള്ള സംവിധാനത്തിൽ മാറ്റങ്ങൾ വരുത്താൻ തീരുമാനിച്ചിട്ടില്ല.

20 (*110) സ്വകാര്യ വിദ്യാഭ്യാസ മാനേജ്മെന്റുകളെ നിയന്ത്രിക്കാൻ നടപടി

ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. പാലോട് രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.ജെ. ജോയി :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ വിദ്യാഭ്യാസ മാനേജുമെന്റുകളെ നിയ ന്ത്രിക്കാൻ എന്തെങ്കിലും പുതിയ നടപടികളെക്കുറിച്ച് ഗവൺമെന്റ് ആലോചി ക്കുന്നുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വകാര്യ മാനേജു മെന്റുകൾക്കെതിരെ വിദ്യാർത്ഥി സംഘടനകൾ എത്ര സമരം സംഘടിപ്പിച്ചിട്ടു ണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സമരങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയത് പ്രധാന മായും ഏത് വിദ്യാർത്ഥി സംഘടനയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) വിദ്യാർത്ഥികളുടെ പൊതുവായ ഏത് ആവശ്യത്തിന്റെ പേരി ലായിരുന്നു ഈ സമരങ്ങൾ നടത്തിയത് എന്ന് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഇല്ല.

(ബി) തൃശ്ശൂർ സെന്റ് ജോസഫ് കോളേജ്, ചങ്ങനാശ്ശേരി എസ്.ബി. കോളേജ്, കൂത്തുപ്പറമ്പ് നിർമ്മലഗിരി കോളേജ്, കൊല്ലം എസ്.എൻ കോളേജ് തുടങ്ങിയ സ്വകാര്യ മാനേജ്മെന്റുകൾക്കെതിരെ വിദ്യാർത്ഥി സംഘടനകൾ സമരം നടത്തിയതായി അറിവായിട്ടുണ്ട്. ഈ സമരങ്ങൾ തീർപ്പാക്കിയിട്ടുള്ള തായി അറിയുന്നു.

(സി) അറിവായ വിവരം അനുസരിച്ച് ഭരണ കക്ഷിയിൽപ്പെട്ട വിദ്യാർത്ഥി സംഘടനകളാണ് സമരങ്ങൾ നടത്തിയത്.

(ഡി) പുറത്താക്കപ്പെട്ട വിദ്യാർത്ഥികളെ തിരിച്ചെടുക്കുക എന്നായി രുന്നു വിദ്യാർത്ഥി സംഘടനകളുടെ പ്രധാന ആവശ്യം.

LIBRARY ARCHIVES Kerala Legislative Assembly